പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1046 — 01/07/2015 ൽ മറുപടിയ്ക്ക്

## സ്കൂളുകളിൽ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിന് സ്വീകരിച്ച നടപടികൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. തോമസ് ഉണ്ണിയാടൻ : | | ശ്രീ: പി.കെ. അബ്ദുറബ്ബ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) സ്കൂൾ തുറക്കുന്നതിന് മുമ്പായി സ്കൂളുകളിൽ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ; | (എ) | സ്കൂൾ തുറക്കുന്നതിന് മുമ്പായി സ്കൂളുകളിൽ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തി ശുചിത്വം ഉറപ്പാക്കുവാനും അറ്റകുറ്റപ്പണികൾ നടത്തുന്നതിനും എല്ലാ പ്രഥമാധ്യാപകർക്കും നിർദ്ദേശം നൽകിയിരുന്നു. സർക്കാർ സ്കൂളുകൾക്ക് ഇതിനായി മെയിൻറനൻസ് ഗ്രാൻറും നൽകിയിരുന്നു. സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിൽ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ഫണ്ട്/12-ാം ധനകാര്യ കമ്മീഷൻ അവാർഡ് തുക / നബാർഡിൽ നിന്നുമുള്ള ധനസഹായം എന്നിങ്ങനെ വിവിധ പദ്ധതികളിലൂടെ അടിസ്ഥാന സൗകര്യം ഒരുക്കി വരുന്നു. എയ്ഡഡ് സ്കൂളുകളിൽ ടി സൗകര്യങ്ങൾ ഒരുക്കുവാൻ ബന്ധപ്പെട്ട മാനേജർമാർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതു മാണ്. |
| ബി) ബാലാവകാശ കമ്മീഷന്റെ ഉത്തരവു പ്രകാരം എല്ലാ വിദ്യാലയങ്ങളിലും പരാതിപ്പെട്ടികൾ സ്ഥാപിച്ചിട്ടുണ്ടോ ; | (ബി) | ഉണ്ട്. |
| സി) പ്രസ്തുത സംവിധാനം ശരിയായവിധം നടപ്പിലാക്കുന്നുവെന്ന് ഉറപ്പാക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ? | (സി) | പ്രസ്തുത സംവിധാനം ശരിയായവിധം നടപ്പിലാക്കുന്നതിന് സ്കൂൾ പ്രധാനാധ്യാപകർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.വിദ്യാഭ്യാസ ആഫീസർമാർ സ്കൂൾ സന്ദർശന വേളയിൽ ടി സംവിധാനം ഫലപ്രദമായി നടപ്പിലാക്കുന്നുണ്ടോ എന്ന് പരിശോധിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട് . |

സെക്ഷൻ ഓഫീസർ